**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2897** **14-09-2023 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ മണ്ഡലത്തിലെ കേരള ബാങ്കിന്റെ പ്രവർത്തനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. വി.എൻ വാസവൻ<br>(സഹകരണ- രജിസ്ട്രേഷൻ വകുപ്പ് മന്ത്രി)** | |
| (എ) | ആലപ്പുഴ നിയോജകമണ്ഡലത്തിൽ കേരള ബാങ്കിന്റെ എത്ര ശാഖകളാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (എ) | കേരള ബാങ്കിന്റെ 5 ശാഖകളാണ് ആലപ്പുഴ നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്നത്.<br>1.ആലപ്പുഴ സായാഹ്ന ശാഖ<br>2.കലവൂർ ശാഖ<br>3.തുമ്പോളി ശാഖ<br>4.കഞ്ഞിക്കുഴി ശാഖ<br>5.മണ്ണാഞ്ചേരി ശാഖ |
| (ബി) | പ്രസ്തുത ശാഖകളിൽ ആകെ എത്ര ജീവനക്കാരാണ് ജോലി ചെയ്യുന്നതെന്ന് തസ്തിക തിരിച്ച് ലഭ്യമാക്കാമോ; | (ബി) | പ്രസ്തുത ശാഖകളിൽ ജോലി ചെയ്തു വരുന്ന ജീവനക്കാരുടെ തസ്തിക തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| തസ്തിക | ആലപ്പുഴ സായാഹ്ന ശാഖ | കലവൂർ ശാഖ | തുമ്പോളി ശാഖ | കഞ്ഞിക്കുഴി ശാഖ | മണ്ണാഞ്ചേരി ശാഖ |
|---|---|---|---|---|---|
| സീനിയർ മാനേജർ | 0 | 0 | 0 | 0 | 1 |
| മാനേജർ | 1 | 1 | 1 | 1 | 1 |
| അസിസ്റ്റന്റ് മാനേജർ | 2 | 1 | 0 | 1 | 1 |
| അക്കൗണ്ടന്റ് | 1 | 0 | 2 | 0 | 0 |
| ക്ലർക്ക് | 3 | 2 | 3 | 2 | 2 |
| സബ് സ്റ്റാഫ് | 2 | 1 | 1 | 1 | 1 |
| ആകെ | 9 | 5 | 7 | 5 | 6 |

| | | | |
|---|---|---|---|
| (സി) | ആലപ്പുഴ മണ്ഡലത്തിൽ കേരള ബാങ്കിന്റെ പുതിയ സായാഹ്ന ശാഖകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ; | (സി) | കേരള ബാങ്കിന്റെ മൊബൈൽ ബാങ്കിംഗ് ആപ്ലിക്കേഷനുകളുടെയും, UPI അനുബന്ധ ഇടപാടുകളുടെയും സൗകര്യം നിലവിൽ ലഭ്യമാണ്. ഇന്റർനെറ്റ് ബാങ്കിംഗ്, NRI അക്കൗണ്ട് എന്നിവയുടെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയുമാണ്. ഇതോടൊപ്പം നിലവിലുള്ള ശാഖകളുടെ പുനഃക്രമീകരണത്തിനുള്ള നടപടികളും തുടർന്ന് വരികയാണ്. ആയത് പൂർത്തിയായതിന് ശേഷം മാത്രം പുതിയ ശാഖകൾ ആരംഭിക്കുന്നതിനുള്ള സാഹചര്യം കേരള ബാങ്ക് പരിഗണിക്കുന്നതാണ്. |
| (ഡി) | കേരള ബാങ്ക് മുഖേന വിദ്യാർത്ഥികളിൽ സമ്പാദ്യശീലം നടപ്പിലാക്കാൻ നിലവിൽ | (ഡി) | വിദ്യാർത്ഥികളിൽ സമ്പാദ്യശീലം വളർത്തുക എന്ന ലക്ഷ്യത്തോടെ ബാങ്കിന്റെ രണ്ടാം വാർഷികത്തോടനുബന്ധിച്ച് കേരള ബാങ്ക് ആവിഷ്കരിച്ച പ്രത്യേക നിക്ഷേപ പദ്ധതിയാണ് **വിദ്യാനിധി**. 12 മുതൽ 16 വയസ്സുവരെയുള്ള കുട്ടികൾക്ക് സ്വന്തം പേരിൽ വിദ്യാനിധി അക്കൗണ്ട് |

| | | | |
|---|---|---|---|
| | എന്തൊക്കെ നടപടികളാണ് സ്വീകരിക്കുന്നത് എന്ന് വിശദമാക്കാമോ? | | ആരംഭിക്കാം. ടി അക്കൗണ്ടിനോടൊപ്പം രക്ഷിതാക്കൾക്ക് പ്രവിലേജ് അക്കൗണ്ട് സൗകര്യവും ലഭിക്കുന്നു.<br><br>ബാങ്കിംഗ് സാങ്കേതിക വിദ്യയും സാമ്പത്തിക അവബോധവും ഗ്രാമ പ്രദേശങ്ങളിലെ വിദ്യാർത്ഥികളിൽ എത്തിക്കുന്നതിനും, പ്രചരിപ്പിക്കുന്നിനുമായി കേരള ബാങ്കിന്റെ ATM ഡെമോൺസ്ട്രേഷൻ വാനുകൾ ജില്ലകൾ തോറും പ്രവർത്തനം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ